# മനുഷ്യജീവതത്തിന് വിലയും,ബഹുമാനവും ഇല്ലാത്തൊരു കാലം!

ജോൺ ഇളമത.

ന്യൂയോർക്കിലും,ന്യൂജേഴ്സിയിലുമായി ഞാനറിയുന്ന എഴുത്തുകാരും ,കലാകാരന്മാരും,ബന്ധുക്കളും,സുഹൃത്തുക്കളുമായ കുറേ മലയാളികളുടേയും,അത്ര പരിചയ മില്ലാത്ത മറ്റുകുറേ മലയാളി സുഹൃത്തുക്കളുടെയും അകാലവേർപാടിൻെറ ഞെട്ടലിലാണ് ഇപ്പോൾ.എല്ലാവക്കും ,അവരുടെ വേദനിക്കുന്ന കുടുംബാങ്ങൾക്കും,ദൈവം ശാന്തിയും,സമാധാനവും നൽകട്ടെയെന്ന് ഹൃദയത്തിൻെറ അടിത്തട്ടിൽ നിന്ന് ആദ്യമായി പ്രാർത്ഥിക്കട്ടെ!

ഇങ്ങനെ ഒരുയുഗപിറവി ഈ ഇരട്ടആണ്ടിൻെറ പിറവി,നമ്മെ എല്ലാവരേയും ആ ശങ്കയിലെത്തിച്ചിരിക്കുന്നു.എങ്കിലും ഈ അവസരം പ്രത്യാശയുടേതായി നാം ചിന്തിച്ചേ മതിയാവൂ.കൊറോണാ എന്ന മഹാവ്യാധിയെപ്പറ്റി എന്തെങ്കിലുമൊക്കെ പറയാൻ ഞാൻ അയോഗ്യൻതന്നെ,ഒരു ഡോക്റോ,ശാസ്ത്രജ്ഞനോ അല്ലാത്തതുകൊണ്ട്.പക്ഷേ,രോഗത്തിൻെറ തിരക്കിട്ട വ്യാപനവും,പരിണിതഫലങ്ങളും കണ്ട് ആരംഭത്തിൽതന്നെ എൻെറ മനസ്സിൽ തോന്നിയത്,ഇത് ഇന്നുവരെ ഭൂഗോളം ദർശ്ശിക്കാത്ത മാരകമായ എയർബോൺ(വായുവിലൂടെ പകരുന്നത്) വ്യാധി എന്നുതന്നെ ഇപ്പോഴും ചിന്തിക്കുന്ന ഒരാളാണ് ഞാൻ.(ഒരുപക്ഷേ,വിസർജ്ജവസ്തുക്കളിലൂടെ ആകാം എന്ന പൊതുശാസ്ത്രത്തെ ധിക്കരിക്കാനും ഞാനില്ല?)

എന്തായാലും അകലംപാലിക്കൽ,കൈകഴുകൽ,മാസ്ക്ക്,ഗ്ലൗസ് എന്നി സ്വയം തീരുമാനത്തിലെത്താവുന്ന പ്രതിരോധങ്ങൾക്കുമാത്രമേ,മരുന്നും,വാക്സീനും കണ്ടെത്താത്ത ഈ സാഹചാര്യത്തിലും,രോഗത്തെ ഒറ്റപ്പെടുത്താനുള്ള ഏകമാർഗ്ഗം!ആ മാർഗ്ഗങ്ങളുടെ തിരസ്ക്കാരം നമ്മുക്കു മാത്രമല്ല,സമൂഹത്തിനുതന്നെ ഭീഷണിയാകുമെന്നതിൽ എന്തുതർക്കം!വാക്സിനോ, മരുന്നിനോ ഉള്ള അന്വഷണം ഒന്നൊന്നരകൊല്ലം നീണ്ടേക്കുമെന്ന ഈ പ്രതിസന്ധിയിൽ, 'സ്റ്റേഹോം',എന്ന മുദ്രാവാക്യം കരണീയംതന്നെ.(അത്യാവശ്യത്തിനൊഴികെ,അതും പുറത്തേക്കിറങ്ങുന്നത് മാസ്ക് തീച്ചയായും ധരിച്ച്മാത്രം).

മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന ഈ മഹാവ്യാധിക്കുമുമ്പിൽ ലോകം വിറച്ചുനിൽക്കുബോൾ,നാമത്രെ നിസ്സാരാണന്ന ബോദ്ധ്യപ്പെടുത്തൽകൂടിയല്ലേ,ഈ അസരം! ,പ്രകൃതിക്ഷോഭങ്ങളും,മഹാമാരികളും,മനുഷ്യജീവിതകാലം മുതൽ നമ്മേ പരിഭ്രാന്തരാക്കുന്നു. ഇവയിലൂടെഒക്കെ അല്ലേ നാം കടന്നുവന്നത്.എങ്കിലും പതിമൂന്നാം നൂറ്റാണ്ടിൽ മെഡിറ്ററേനിയൻ തീരങ്ങളിൽ ആഞ്ഞടിച്ച 'ബ്ലാക്ക് ഡിസീസ്',യൂറോപ്പിലെ മൂന്നിൽ രണ്ട് ജനവിഭാഗത്തെ അപ്രത്യക്ഷമാക്കിയെങ്കിൽ,.ആയിരത്തി തൊള്ളായിരത്തി പതിനെട്ടിലെ 'സ്പാനിഷ്ഫ്ലൂ',അമ്പതു മില്ല്യൻ ആളുകളെ തട്ടിയെടുത്തെങ്കിൽ,നമ്മുടെ പൂർവ്വീകർ അതൊക്കെ അതിജീവിച്ചെങ്കിൽ,ഈ അടുത്തകാലങ്ങളിലുണ്ടായ വെസ്റ്റ്നൈൽ വൈറസ്,സാർസ്,എബോള,നിപ്പ,ഇവയൊക്കെയെ അതിജീവിച്ചെങ്കിൽ,ഈ കൊറോണവൈറസിൻെറമേലും നാം ആധിപത്യം നേടുകതന്നെ ചെയ്യും.

ഇപ്പോഴത്തെ മാറിവന്ന പരിതസ്തിതിയിൽ വാർദ്ധ്യകൃത്തിലേക്ക് കടന്നുപോകുന്നവർ അവഗണിക്കപ്പെടുന്ന തോന്നൽ,മരണാനന്തര ശേഷക്രിയയിൽ വന്നുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾ, എല്ലാം നമ്മേ ഇരുത്തിചിന്തിപ്പിച്ചുകൊണ്ടിരുന്നു.സമൂഹജീവിതത്തിൽ മനുഷ്യ ജീവിതത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന പരിണാമങ്ങൾ,നാമിന്നുവരെ മനസ്സിൽപോലും ചിന്തിക്കാതിരുന്നതുതന്നെ.അറുപതു കഴിഞ്ഞ കൊറോണരോഗികൾക്ക് മരണത്തിനു വിധിക്കപ്പെട്ടവരേപോലെ വെൻറിലേറ്റുകൾ വേണ്ട എന്ന തീരുമാനങ്ങൾ ഒരുപക്ഷേ,തെറ്റോശരിയോ എന്ന ത്രിശ:ങ്കുസ്വർഗ്ഗത്തിൽ നമ്മെ എത്തിക്കുന്നു.ശരിയാകാം, വെൻറിലേറ്ററകളുടെ ദൗർലഭ്യത്തിൽ കുറേ ജീവിച്ചവർ,ജീവിക്കാൻ ആരംഭിക്കുന്നവർക്കുവേണ്ടിയുള്ള വഴിമാറ്റം!,എങ്കിലും ആർക്കാണ് പെട്ടന്ന് മരിക്കാനിഷ്ടം!

ഇന്ന് മരണം ജനകീയമായ അവസ്തയിലൂടെ കടന്നുപോകുന്നു.ഒരു സാധാരണ സംഭവം എന്നമട്ടിൽ.സാസ്ക്കാരപ്രക്രിയകളും ആർഭാടങ്ങളില്ലാതെ ചടങ്ങുകളായി മാറുബോൾ ,മരണാനന്തരക്രിയകളോ,ബന്ധുമിത്രാദികളുടെ ഇടപടലുകളോ ഇല്ലാതെ മനുഷ്യജീവതത്തിൻെറ വിലകുറഞ്ഞ ഒരു കാലത്തിലേക്ക് നമ്മെ അത് കൂട്ടികൊണ്ടുപോകുന്നില്ലേ എന്ന് ചിന്തിക്കുന്നതിൽ

തെറ്റുണ്ടാകില്ല,എങ്കിലും തളരാത്ത ഒരു ജീവിതത്തിൻറ ഒരു പ്രത്യാശയിലേക്ക് നമ്മുക്ക് കണ്ണുനട്ടിരിക്കുന്നതല്ലേ,ശ്രേഷ്ഠം!

നാം ജനിച്ചുജീവിച്ച മണ്ണിൻെറ അവകാശം നിക്ഷേധിക്കുന്ന നമ്മുടെ ജന്മനാടിൻെറ നയം അപലപനീയംതന്നെ.പേർഷ്യൻ ഭൂഖണ്ഡങ്ങളിലേക്ക് താല്ക്കാലികമായി പറിച്ചെറിയപ്പെട്ട 'പ്രവാസികൾ' ,എന്നുപേരിട്ടുവിളിക്കുന്ന മനുഷ്യജീവിതങ്ങളാണ് ഭാരതത്തെയും,വിശിഷ്യാ കേരളത്തെയുമാക്കെ സമ്പൽസമൃദ്ധമായി താങ്ങിനിർത്തികൊണ്ടിരിക്കുന്നത്.അവരാണ് കഴിഞ്ഞ സുനാമികളിലും,വെള്ളപ്പൊക്കങ്ങളിലും,നിപ്പ തുടങ്ങിയ വ്യാധികളിൽനിന്നുമൊക്കെ നമ്മുടെ ജന്മനാടിനെ കരകേറ്റികൊണ്ടിരിക്കുന്നത്.കോവിഡ് മഹാവ്യാധി പടരുമ്പോൾ, പാർപ്പിടസൗകര്യങ്ങൾകുറവായ അവരുടെ കൂരകളിൽ വ്യാധി നൃത്തമാടുമ്പോൾ,അവരെ കയ്യൊഴിയുന്ന നമ്മുടെ രാജ്യത്തിൻെറ ഔചിത്യമില്ലായ്മ ഇന്ത്യാമഹാരാജ്യത്തിനുതന്നെ നാണക്കേടാണന്ന് പറയേണ്ടിയിരിക്കുന്നു!അതിലൊക്കെ പരിതാപകരം, അതിനെയൊക്കെ പിന്താങ്ങുന്ന സാർത്ഥമതികളായ ചില മലയാളി സഹോദരന്മാരുടെ ഒക്കെ പ്രസ്താവനകളും! 'ഞാനും,ഒരുക്ഷൗരക്കാരനും' മാത്രംമതി എന്ന് ചിന്തിക്കുന്ന ഇവരൊക്കെ ഓർക്കേണ്ടത് മരുഭൂമിയിൽ ജീവിച്ച് രക്തംവിയർത്ത് അദ്ധ്വാനിച്ച് നമ്മെ നാമാക്കിതീർക്കുന്ന സഹസഹോദരരുടെ വേദനകളും,അവരനുഭവിക്കുന്ന പീഠാനുഭവങ്ങളുമാണ്.

ഈ മഹാമാരി അവസ്സാനിക്കുമ്പോൾ,നാം പുതിയയുഗത്തിലേക്ക് കാലുകുത്തി യേക്കാം ,കൂടുതൽ കരുതലുള്ള ഒരു ജീവിതപന്ഥാവിലേക്ക്.മരുന്നുകളും,വാക്സിനുകളും നുകളും തയ്യാറാകുംവരെ പ്രത്യാശയോടെ കാത്തിരിക്കാം.അതുവരെ കഴിയുന്നത്ര പ്രതിരോധ പ്രക്രിയകൾ കാത്തുസൂക്ഷിക്കാം!